പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3203

07.02.2018-ൽ മറുപടിക്ക്

## അക്ഷരസാഗരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തെ തീരദേശവാസികളെ സാക്ഷരരാക്കുവാൻ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ അക്ഷരസാഗരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തീരദേശവാസികളെ സാക്ഷരരാക്കുവാൻ ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് അക്ഷരസാഗരം. 2016–17 വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017–18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | സംസ്ഥാന ആസൂത്രണ ബോർഡിന്റെ സർവ്വെ പ്രകാരം, തീരദേശവാസികളിൽ എത്ര ശതമാനം പേരാണ് നിരക്ഷരരെന്ന് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2012 ലെ കണക്ക് പ്രകാരം കേരളത്തിൽ 18 ലക്ഷം നിരക്ഷരർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ 1,21,625 പേർ നിരക്ഷരരായി ഉള്ളതായി ഫിഷറീസ് വകുപ്പ് 2013 കാലഘട്ടത്തിൽ നടത്തിയ സോഷ്യോ എക്ണോമിക് സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. തീരദേശ നിരക്ഷരത നിർമാർജ്ജനം ചെയ്യുന്നതിനായി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 121 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തീരദേശ വാർഡുകളിൽ നിരക്ഷരത നിർമാർജ്ജനം ചെയ്യുന്നതിനാണ് അക്ഷരസാഗരം എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ തീരദേശ വാർഡുകളിലാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | അക്ഷരസാഗരം പദ്ധതിക്കായി, ഫിഷറീസ് വകുപ്പ് ഫണ്ട് നൽകിയിട്ടുണ്ടോ; ഓരോ ജില്ലയ്ക്കും എത്ര തുക വീതമാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ ? | (സി) | അക്ഷരസാഗരം പദ്ധതിയ്ക്കായി ഫിഷറീസ് വകുപ്പ് ഫണ്ട് നൽകിയിട്ടുണ്ട്. 2016–17 തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ അക്ഷര സാഗരം പദ്ധതി നടപ്പിലാക്കുന്നതിനായി 10 ലക്ഷം രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. 2017–18 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അക്ഷരസാഗരം പദ്ധതി നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ